## ജില്ലാ കളക്ടർ & ചെയർമാൻ
## ജില്ലാ ദുരന്തനിവാരണ അതോറിറ്റി, ഇടുക്കിയുടെ നടപടിക്രമം.
## (ഹാജർ: എച്ച്. ദിനേശൻ ഐ എ എസ്)

വിഷയം: ദുരന്തനിവാരണം - കൊവിഡ് 2019 – തേക്കടി ബോട്ട് സർവ്വീസ്, ഇരവികുളം ദേശീയ ഉദ്യാന സന്ദർശനം എന്നിവയുടെ പ്രവർത്തനം റദ്ദാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 10.03.2020 ലെ വീഡിയോ കോൺഫറൻസിലെ നിർദ്ദേശം.

**ഉത്തരവ് നമ്പർ DCIDK/1640/2020 – DM1 തീയതി: 10.03.2020**

കൊവിഡ് 19 വൈറസ് ബാധ പത്തനംതിട്ട, കോട്ടയം, എറണാകുളം എന്നീ ജില്ലകളിൽ റിപ്പോർട്ട് ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വീഡിയോ കോൺഫറൻസിൽ ടി വൈറസ് ബാധ തടയുന്നതിന് ആവശ്യമായ സുരക്ഷാ മുൻകരുതൽ നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ തേക്കടിയിലുള്ള ബോട്ട് സർവ്വീസ്, ഇരവികുളം ദേശീയ ഉദ്യാനം സന്ദർശനം എന്നിവയ്ക്കായി ധാരാളം വിനോദ സഞ്ചാരികൾ എത്തുന്നതാകയാൽ, കൊവിഡ് 19 വൈറസ് ബാധയുള്ള ഏതെങ്കിലും വ്യക്തികൾ ടി സ്ഥലങ്ങളിൽ എത്തിചേർന്നാൽ ടി വൈറസ് പടർന്ന് പിടിക്കുന്നതിന് സാധ്യത ഉള്ളതായി കാണുന്നു.

ഈ സാഹചര്യത്തിൽ ജനങ്ങളുടെ ജീവന് സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി, കൊവിഡ് 19 വൈറസ് ബാധ സംസ്ഥാനത്ത് സ്ഥിരീകരിക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ, ഇടുക്കി ജില്ലയിൽ തേക്കടിയിലുള്ള ബോട്ട് സർവ്വീസ്, ഇരവികുളം ദേശീയ ഉദ്യാനം സന്ദർശനം എന്നിവ 11.03.2020 മുതൽ 31.03.2020 തീയതി വരെ നിർത്തി വച്ച് ദുരന്ത നിവാരണ നിയമം 2005 സെക്ഷൻ 30 (2) (v) പ്രകാരം ഉത്തരവാകുന്നു. ടി ഉത്തരവ് നടപ്പാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകുന്നു.

ജില്ലാ കളക്ടർ & ചെയർമാൻ
ജില്ലാ ദുരന്തനിവാരണ അതോറിറ്റി

സ്വീകർത്താവ് -

1) ഡെപ്യൂട്ടി ഡയറക്ടർ, ടൂറിസം വകുപ്പ്, ഇടുക്കി
2) ഡെപ്യൂട്ടി ഡയറക്ടർ, പെരിയാർ ടൈഗർ റിസർവ്വ്, ഈസ്റ്റ് ഡിവിഷൻ, തേക്കടി.
3) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഇരവികുളം.
4) വൈൽഡ് ലൈഫ് വാർഡൻ, മൂന്നാർ

പകർപ്പ് -

1) ജില്ലാ പോലീസ് മേധാവി, ഇടുക്കി.
2) സബ് കളക്ടർ, ദേവികുളം
3) റവന്യൂ ഡിവിഷണൽ ഓഫീസർ, ഇടുക്കി
4) സെക്രട്ടറി, ജില്ലാ ടൂറിസം പ്രൊമോഷൻ കൌൺസിൽ, ഇടുക്കി.
5) തഹസിൽദാർ, ദേവികുളം/പീരുമേട്.
6) സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് മൂന്നാർ/കുമളി.